## പ്രസിദ്ധീകരണത്തിന്

## *എം. എസ്. സ്വാമിനാഥനെ ലോക വ്യാപാര സംഘടന സംസ്ഥാന കമ്മീഷൻ ചെയർമാനാക്കിയതിൽ പ്രതിഷേധിച്ച് രാജിവെച്ചു*

കോഴിക്കോട്, സപ്തംബർ 18 : കേരള സംസ്ഥാന സർക്കാർ നിയമിച്ച ലോകവ്യാപാര സംഘടന കമ്മീഷന്റെ ചെയർമാനായി എം. എസ്. സ്വാമിനാഥനെ നിയോഗിച്ചതിൽ പ്രതിഷേധിച്ച്, ദേശീയ ജൈവ വൈവിദ്ധ്യ കർമ്മ പദ്ധതിയുടെ (National Biodiversity Strategy and Action Plan - NBSAP)സംസ്ഥാന നേതൃത്വ സമിതിയിൽനിന്നും(State Steering Committee - SSC)സമിതിയുടെ കീഴിലുള്ള കർമ്മ സമിതി (Working Group) നമ്പർ 11 (വിദ്യാഭ്യാസം, ഗവേഷണം, ബോധവൽക്കരണം, പരിശീലനം) ന്റെ ചെയർമാൻ സ്ഥാനത്തു നിന്നും കർമ്മ സമിതി നമ്പർ 2 ( ജീവിതവൃത്തി, സംസ്കാരം, ബൗദ്ധിക സ്വത്തവകാശം- Livelihood, Culture, Intellectual Property) ലെ അംഗത്വത്തിൽ നിന്നും പത്രപ്രവർത്തകനും (ന്യൂ ഇന്ത്യൻ എക്സ്പ്രസ്, കോഴിക്കോട്) പരിസ്ഥിതി ഗവേഷകനുമായ ലത്തീഫ് കിഴിശ്ശേരി രാജി വെച്ചു.

രണ്ട് ദശകം മുമ്പ് ഇന്ത്യയുടെ കാർഷിക രംഗത്തുണ്ടായ നിരവധി പ്രശ്നങ്ങൾക്ക് ഉത്തരവാദിയും, ഹരിത വിപ്ലവം എന്ന തട്ടിപ്പിലൂടെ രാജ്യത്തെ കർഷകരേയും ജനങ്ങളേയും വൻതോതിലുള്ള രാസവള - കീടനാശിനി ഉപയോഗത്തിലേക്ക് തള്ളിവിട്ട് ബഹുരാഷ്ട്ര വിത്ത് - രാസവളം - കീടനാശിനി കമ്പനികൾക്ക് കൊള്ളലാഭമുണ്ടാക്കാൻ സഹായിക്കുകയും ചെയ്ത സ്വാമിനാഥന്റെ ഈ നിയമനം ജനവിരുദ്ധവും കർഷക വിരുദ്ധവും പരിസ്ഥിതി വിരുദ്ധവും ദേശ വിരുദ്ധവുമാണ്.

1960കളിലും 1970കളിലുമായി ഇന്ത്യൻ കാർഷിക രംഗത്തുണ്ടായ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയുടെയും ഡോ: ഗജേന്ദ്ര ഗാഡ്കർ (മുൻ സുപ്രീം കോടതി ചീഫ് ജസ്റ്റീസ്) കമ്മീഷന്റെയും നിശിതമായ വിമർശനങ്ങൾക്ക് വിധേയനായ സ്വാമിനാഥൻ, ഇന്ത്യൻ കാർഷിക ഗവേഷണ രംഗത്തെ ആദർശ ശാലികളായ ശാസ്ത്രജ്ഞന്മാരെ ദ്രോഹിക്കാനും അതുവഴി ബഹുരാഷ്ട്ര കുത്തകകൾക്ക്, പ്രത്യേകിച്ചും യൂറോപ്യൻ - അമേരിക്കൻ സ്ഥാപനങ്ങൾക്ക്, ഇന്ത്യൻ കാർഷിക രംഗത്ത് നിലയുറപ്പിക്കാൻ സഹായിക്കാൻ മുൻപന്തിയിലുണ്ടായിരുന്നു.

ചരിത്രം ഓർക്കാൻ തയ്യാറുണ്ടെങ്കിൽ, 1986 മാർച്ച് 23 - 29ന്റെ 'ദി ഇല്ലസ്ട്രേറ്റഡ് വീക്കിലി' (ദി ഗ്രേറ്റ് ജീൻ റോബ്ബറി - ഡോ: ക്ലോഡ് അൽവാരിസിന്റെ ലേഖനം), ഭരത് ദോഗ്രയുടെ ഡോ: ആർ. എച്ച്. റിച്ചാറിയയുടെ ആത്മകഥ, ഗജേന്ദ്ര ഗാഡ്കർ കമ്മീഷൻ റിപ്പോർട്ട്, മേൽ സൂചിപ്പിച്ച സുപ്രീം കോടതി വിധി (കൃഷി ശാസ്ത്രജ്ഞനായിരുന്ന ഡോ. വൈ. പി. ഗുപ്ത നൽകിയ കേസ്) എന്നിവ പരിശോധിച്ചാൽ സ്വാമിനാഥന്റെ യഥാർത്ഥ മുഖം വ്യക്തമാവും.

ഇതൊക്കെയായിട്ടും, അവാർഡുകൾ വാരിക്കൂട്ടുകയും അന്താരാഷ്ട്ര രംഗത്ത് അറിയപ്പെടുകയും ചെയ്യുന്നത്, സ്വാമിനാഥന്റെ 'പ്രത്യേക കഴിവ്' തന്നെയാണ്. ആ 'കഴിവുകൾ' എന്തെന്ന് ബന്ധപ്പെട്ടവർക്കെല്ലാം അറിയാവുന്നതുകൊണ്ട് ഇവിടെ വിസ്തരിക്കുന്നില്ല.

സ്വന്തം കണ്ടുപിടുത്തമെന്ന് സ്വാമിനാഥൻ അവകാശപ്പെട്ട 'സർബത്തി സൊനോറ' എന്ന ക്ഷീരഗുണമുള്ള ഗോതമ്പിന് താൻ അവകാശപ്പെട്ട ഗുണങ്ങളില്ല എന്ന് സ്വാമിനാഥനു തന്നെ പിന്നീട് അംഗീകരിക്കേണ്ടി വന്നു. ഈ 'നേട്ടത്തിന്റെ' പേരിൽ മഗ്സാസെ അവാർഡ് കൈപ്പറ്റിയ സ്വാമിനാഥൻ, ഗോതമ്പ് ഗവേഷണം നടത്തി അന്താരാഷ്ട്ര നെല്ല് ശാസ്ത്രജ്ഞനായതിന്റെ പിന്നാമ്പുറ കഥകൾ വിരൽ ചൂണ്ടുന്നത് സ്വാമിനാഥന്റെ ഗോഡ്ഫാദർമാരായി പ്രവർത്തിക്കുന്ന വൻകിട വിത്ത് - വളം - കീടനാശിനി കമ്പനികളിലേക്കും അവരുടെ ഫൗണ്ടേഷനുകളിലേക്കുമാണ്.

1979-ൽ എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക പ്രസിദ്ധീകരിച്ച ഇയർബുക്ക് ഓഫ് സയൻസ് ആന്റ് ദി ഫ്യൂച്ചർ, അറിയപ്പെടുന്ന ശാസ്ത്ര വഞ്ചകരായ (സയന്റിഫിക് ഫ്രോഡ്സ്) പോൾ കാമററുടേയും സിറിൽ ബർട്ടിന്റേയും കൂടെയാണ് സ്വാമിനാഥനെ ഉൾപ്പെടുത്തിയത്.

സ്വാമിനാഥനെ സംസ്ഥാന സർക്കാർ ഡബ്ളിയു. ടി. ഒ. കമ്മീഷന്റെ ചെയർമാനാക്കിയത് ജനവിരുദ്ധവും ദേശവിരുദ്ധവുമായ നടപടിയാണ്. അന്താരാഷ്ട്ര കാർഷിക ബിസിനസ്സ് ലോബി പടച്ച് വിട്ട 'അന്താരാഷ്ട്ര കൃഷി ശാസ്ത്രജ്ഞനാണ്' സ്വാമിനാഥൻ.

ഏഷ്യൻ രാജ്യങ്ങളിലെ കൃഷിയെ സ്വന്തം നിയന്ത്രണത്തിലാക്കി ഈ രാജ്യങ്ങളെ ആശ്രിതരാക്കാനുള്ള അമേരിക്കൻ - യൂറോപ്യൻ രാജ്യങ്ങളുടെയും അവരുടെ വിത്ത് - വളം - കീടനാശിനി - കമ്പനികളുടെയും കുതന്ത്രങ്ങൾക്ക് നേതൃത്വം വഹിക്കുകയായിരുന്നു സ്വാമിനാഥൻ.

ഇന്ത്യൻ കർഷകരുടെ ഏറ്റവും നല്ല സുഹൃത്തായിരുന്ന ഡോ: റിച്ചാരിയ, സ്വാമിനാഥനുള്ള കുറിപ്പ് എഴുതി വെച്ച് ആത്മഹത്യ ചെയ്ത കൃഷിശാസ്ത്രജ്ഞൻ ഡോ: വിനോദ് ഷാ, ആത്മഹത്യ ചെയ്ത കൃഷിശാസ്ത്രജ്ഞൻ ഡോ: ടി. എം. ജോസഫ് എന്നിവരെ ഇന്നും ബഹുമാനത്തോടെ ഓർക്കുന്നവർക്ക് സ്വാമിനാഥനെ ഇത്തരം ഒരു സ്ഥാനത്ത് പ്രതിഷ്ഠിച്ചതിൽ പ്രതിഷേധമുണ്ട്. സ്വാമിനാഥൻ ഈ സ്ഥാനത്ത് തുടരുന്നേടത്തോളം, കേരളത്തിന്റെ ജൈവവൈവിദ്ധ്യ സംരക്ഷണ ശ്രമങ്ങളെല്ലാം ബഹുരാഷ്ട്ര കുത്തകകളുടെ ആവശ്യത്തിനനുസരിച്ച് മാറ്റിമറിക്കപ്പെടാൻ സാധ്യതയുള്ളതുകൊണ്ട് അത്തരം ഒരു വഞ്ചനക്ക് കൂട്ട് നിൽക്കാൻ എന്റെ ധാർമ്മികത അനുവദിക്കാത്തതു കൊണ്ടാണ് രാജി വെക്കുന്നത്.

മേൽ സൂചിപ്പിച്ച രേഖകളും സ്വാമിനാഥനെ ഡബ്ളിയു. ടി. ഒ. കമ്മീഷന്റെ ചെയർമാനാക്കിയതിൽ പ്രതിഷേധിച്ച് കേരള കാർഷിക സർവ്വകലാശാല അദ്ധ്യാപക സംഘടന സെപ്റ്റംബർ മൂന്നിന് (2001) ദേശാഭിമാനി ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ലേഖനവും ഉൾപ്പെടുത്തിയ 60 പേജ് വരുന്ന രാജിക്കത്ത് ബന്ധപ്പെട്ട എല്ലാവർക്കും (ഇന്ത്യൻ പ്രസിഡണ്ട്, പ്രധാനമന്ത്രി, കേന്ദ്രകൃഷി, വനം-പരിസ്ഥിതി മന്ത്രാലയം, സംസ്ഥാന മുഖ്യമന്ത്രി, മറ്റ് ബന്ധപ്പെട്ട സംസ്ഥാനമന്ത്രിമാർ, ദേശീയ ജൈവവൈവിദ്ധ്യ പദ്ധതിയുടെ നേതൃത്വത്തിലുള്ളവർ, സംസ്ഥാന നേതൃത്വ സമിതി അംഗങ്ങൾ തുടങ്ങിയവർ) എന്നിവർക്കെല്ലാം അയച്ചിട്ടുണ്ട്. സ്വാമിനാഥനെ ഡബ്ളിയു. ടി. ഒ. കമ്മീഷൻ ചെർമാൻ സ്ഥാനത്ത് നിന്ന് മാറ്റണമെന്ന അപേക്ഷ സംസ്ഥാന മന്ത്രി സഭക്ക് നൽകിയിട്ടുണ്ട്. വിവിധ പരിസ്ഥിതി-മനുഷ്യാവകാശ സംഘടനകളും ഈ ആവശ്യം ഉന്നയിച്ചതായറിയുന്നു. സർക്കാർ ഈ കാര്യത്തിൽ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഉചിതമായ നടപടികൾ സ്വീകരിക്കുമെന്ന് പരിസ്ഥിതി-മനുഷ്യാവകാശ സംഘടനകൾ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.


ലത്തീഫ് കിഴിശ്ശേരി

ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ്, കോഴിക്കോട് ഫോൺ 382799